بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 26.09.14 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*26.09.14 ന് മർയം മോസ്ക്, അയർലണ്ടിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**അല്ലാഹുവിനോടും അവന്റെ ദാസരോടുമുള്ള കടമകൾ നിർവഹിക്കപ്പെടുന്ന സ്ഥലമാണ് മസ്ജിദുകൾ. ഏതെങ്കിലും ഫിത്നയുടേയും ഫസാദിന്റേയും കേന്ദ്രമല്ല. അഖിലലോക രക്ഷിതാവിനെ ആരാധിക്കാനാണ് മസ്ജിദുകൾ നിർമിക്കപ്പെടുന്നത്. അവൻ എക്കാലത്തേയും ജനങ്ങൾക്ക് തന്റെ പരിപാലനത്വം പ്രകടമാക്കിയിരിക്കുന്നു.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹ തിലാവത്തിനും ശേഷം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ സൂറ തൗബയിലെ പതിനെട്ടാം വചനം തിലാവത്ത് ചെയ്തു:

إِنَّمَا يَعْمُرُ مَسٰجِدَ اللّٰهِ مَنْ اٰمَنَ بِاللّٰهِ وَالْيَوْمِ الْاٰخِرِ وَاَقَامَ الصَّلٰوةَ وَاٰتَى الزَّكٰوةَ وَلَمْ يَخْشَ اِلَّا اللّٰهَ فَعَسٰۤى اُولٰۤئِكَ اَنْ يَّكُوْنُوْا مِنَ الْمُهْتَدِيْنَ ﴿۱۸﴾

ഈ ആയത്തിന്റെ അർഥം ഇപ്രകാരമാണ്. 'അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും നമസ്കാരം നിലനിറുത്തുകയും സക്കാത്തുകൊടുക്കുകയും അല്ലാഹുവിനെയല്ലാതെ ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവരാരോ അവർ മാത്രമേ അല്ലാഹുവിന്റെ പള്ളികൾ പരിപാലിക്കുകയുള്ളു. അത്തരക്കാർ നേർമാർഗം പ്രാപിക്കുന്നവരിൽ പെട്ടവരായേക്കാം.'(9:18)

اَلْحَمْدُ لِلّٰهِ! ഇന്ന് നമുക്ക് അയർലൻഡ് (Ireland)ൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആദ്യത്തെ പള്ളിയിൽ ജുമുഅ നമസ്കരിക്കാൻ അല്ലാഹു സൗഭാഗ്യം നല്കിക്കൊണ്ടിരിക്കുകയാണ്. അല്ലാഹു ഈ മസ്ജിദിന്റെ നിർമാണവും ഇതിന്റെ സ്ഥാപനവും എല്ലാ വിധത്തിലും അനുഗൃഹീതമാക്കിത്തീർക്കട്ടെ. ഇതൊരു ചെറിയ പള്ളിയാണ്. പക്ഷേ, മുഹമ്മദീ മസീഹിനെ വിശ്വസിക്കുന്നവർ ഏകനായ അല്ലാഹുവിന്റെ ഏകത്വം ഇവിടെനിന്ന് അഞ്ചുനേരം വിളംബരം ചെയ്യുമെന്നുള്ള പ്രഖ്യാപനമാണിത്. ഇവിടെ വന്ന് ഏകനായ ദൈവത്തെ അഞ്ചുനേരവും ആരാധിക്കുന്നതാണ്. പള്ളികൾ അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റാനുള്ള സ്ഥലമാണെന്നും ഫിത്നയുടേയും ഫസാദിന്റേയും കേന്ദ്രസ്ഥലമല്ലെന്നുമുള്ള ശബ്ദം ഈ പള്ളിയിൽനിന്ന് ഉയർത്തുന്നതാണ്. ഈ പള്ളികൾ സർവലോകപരിപാലകനായ അല്ലാഹുവിനെ ആരാധിക്കാൻവേണ്ടിയാണ് നിർമിക്കപ്പെടുന്നത്. അവൻ എക്കാലത്തും ജനങ്ങൾക്കുവേണ്ടി തന്റെ പരിപാലനത്തിന്റെ പ്രകടനം നടത്തുകയുണ്ടായി. ഓരോ ജനതയുടേയും ഭൗതികവും ആത്മീയവുമായ അഭിവൃദ്ധിക്കുവേണ്ടി ഭൂതകാലത്തും തന്റെ പരിപാലനത്വം പ്രകടിപ്പിച്ചു. ഇന്നും തന്റെ പരിപാലനത്വംകൊണ്ട് ജനങ്ങൾക്ക് ഉപകാരം ചെയ്തുകൊണ്ടിരിക്കുന്നു. ഭാവിയിലും ഉപകാരം ചെയ്തുകൊണ്ടേയിരിക്കും. ഏതെങ്കിലും ജനവിഭാഗത്തിനുവേണ്ടി പ്രത്യേകപ്പെടുത്തിയിട്ടുള്ളതല്ല അവന്റെ പരിപാലനത്വം. പ്രത്യുത മുഴുവൻ ലോകത്തിനും മുഴുവൻ സൃഷ്ടികൾക്കും വേണ്ടിയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ മുഹമ്മദീ മസീഹിനെ വിശ്വസിക്കുന്നവരുടെ പള്ളികൾ, അല്ലാഹുവിന്റെ ആത്മീയമായ പരിപാലനത്തിന്റെ അറിവ് മുഹമ്മദീ മസീഹിന്റെ ജമാഅത്തിൽ ചേരുന്നവർക്കുമാത്രമേ യഥാർഥ നിലയിൽ ലഭിക്കുകയുള്ളു എന്ന കാര്യം വിളംബരം ചെയ്യുന്നതിനുവേണ്ടിയുള്ളതാണ്. ലോകത്തുനിന്ന് കലഹങ്ങൾ അകറ്റുന്നതിനുവേണ്ടി സ്നേഹത്തിന്റേയും സൗഹാർദത്തിന്റേയും മൈത്രിയുടേയും ശാന്തിയുടേയും സന്ദേശം നല്കുന്ന ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങളിൽ ചിന്തിക്കുക എന്ന് വിളംബരം ചെയ്യുന്നതിനാണ് നാം പളളികൾ നിർമിക്കുന്നത്. ലോകത്തിന് സ്നേഹത്തിന്റേയും പ്രേമവായ്പിന്റേയും സാഹോദര്യത്തിന്റേയും ആവശ്യമുണ്ടെന്ന് വിളംബരപ്പെടുത്താനുള്ളതാണ് ഈ പള്ളികൾ. അല്ലാതെ കലഹത്തിനോ യുദ്ധത്തിനോ വാളിനോ പീരങ്കിക്കോ വേണ്ടിയുള്ളതല്ല. പള്ളിയിൽ വരുന്നവരുടെ മനസ്സുകൾ എല്ലാ തരത്തിലുള്ള അക്രമം, അവകാശധ്വംസനം എന്നീ ചിന്താഗതികളിൽനിന്ന് പരിശുദ്ധമായിരിക്കും എന്ന് വിളംബരം ചെയ്യുന്നതാണ് നമ്മൾ നിർമിക്കുന്ന പള്ളികൾ. നമ്മുടെ ഈ പള്ളികളിൽ വരുന്നവർ മറ്റുള്ളവരോടുള്ള കടമകൾ നിറവേറ്റുന്നതിനുവേണ്ടി എല്ലാ തരത്തിലുള്ള ത്യാഗങ്ങൾ ചെയ്യുന്നവരായിരിക്കും എന്നതിനുള്ള അടയാളവും കേന്ദ്രവുമായിരിക്കും. നമ്മുടെ ആളുകളോട് ഈ കടമകൾ നിറവേറ്റുന്നതിനും ഈ ത്യാഗങ്ങൾ ചെയ്യുന്നതിനും നമ്മുടെ ഹൃദയം എത്രമാത്രം കരുണാ നിർഭരമാണോ അത്രമാത്രം നീതിയുടെ തേട്ടങ്ങൾ പൂർത്തീകരിച്ചുകൊണ്ട് ശത്രുക്കളോടുള്ള കടമനിറവേറ്റുന്നതിൽനിന്നും അവരുടെ ശത്രുത നമ്മെ തടയുന്നില്ല. മതസ്വാതന്ത്ര്യത്തിന്റെ ഏറ്റവും വലിയ ധ്വജവാഹകർ ഇസ്‌ലാമാണെന്ന് വിളംബരം ചെയ്യുന്നതാണ് നമ്മൾ നിർമിക്കുന്ന പള്ളികൾ. ഇതിന്റെ പ്രകടനത്തിനായി നമ്മുടെ പള്ളിയുടെ കവാടങ്ങൾ ഓരോരുത്തർക്കും തുറന്നു കിടക്കുന്നു. ഏകദൈവത്തെ ആരാധിക്കുന്ന ഓരോ വ്യക്തിക്കും പള്ളികളിൽ ആരാധന നടത്തുന്നതിന് ഒരു തടസവുമില്ല. മുസ്‌ലിമായാലും വേണ്ടില്ല, അമുസ്‌ലിം ആയാലും വേണ്ടില്ല. വിശുദ്ധ ഖുർആനിന്റെ അധ്യാപനമനുസരിച്ച് ഓരോ യഥാർഥ മുസൽമാനിലും എല്ലാ മതങ്ങളുടേയും ആരാധനാലയങ്ങളെ സംരക്ഷിക്കേണ്ട ചുമതലയുണ്ട് എന്നല്ല അത് അവന്റെ നിർബന്ധ കടമയാണെന്ന് നമ്മുടെ പള്ളികളും ഇവിടെ വരുന്ന ഓരോ അഹ്മദിയും വിളംബരം ചെയ്യുന്നു. ഈ ചുമതല നിർവഹിക്കേണ്ടത് സ്വന്തം മസ്ജിദ് സംരക്ഷിക്കുന്നതുപോലെതന്നെ നിർബന്ധമാണ്. സത്യവിശ്വാസിയുടെ വിശ്വാസത്തിന്റെ ഭാഗമാണ് രാഷ്ട്രത്തോടുള്ള കൂറ് എന്നതിലേക്കും നമ്മുടെ പള്ളി നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഒരു സത്യവിശ്വാസി തന്റെ നാടിനോടും നാട്ടുകാരോടും കൂറുപുലർത്താത്തിടത്തോളം സത്യവിശ്വാസിയാകുകയില്ല. ചുരുക്കം പറഞ്ഞാൽ യഥാർഥമായ

നിലയിൽ പള്ളിയുമായി ബന്ധപ്പെട്ടിരിക്കുന്നവരോട് ആവശ്യപ്പെടുന്ന ഒരുപാട് കാര്യങ്ങളുണ്ട്. പള്ളികളോടുള്ള കടമ നിർവഹിക്കപ്പെടുന്നത് അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ ശരിയായ നിലയിൽ നിർവഹിക്കപ്പെടുമ്പോഴാണ്.

ഈ സകല കാര്യങ്ങളും ചെയ്യാനുള്ള കല്പന നമുക്ക് അല്ലാഹു വിശുദ്ധ ഖുർആനിൽ നല്കിയിരിക്കുന്നു. ഈ സകല കാര്യങ്ങളും ചെയ്യുന്നതിന് നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദു റസൂലുല്ലാഹി(സ) ആവർത്തിച്ചാവർത്തിച്ച് നമ്മോടു പറഞ്ഞിരിക്കുന്നു. തന്റെ കർമവും ജീവിതമാതൃകയുംകൊണ്ട് അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റി, മനുഷ്യത്വത്തിന്റെ വില സ്ഥാപിക്കുന്നതിനും സ്നേഹവും സമാധാനവും ശാന്തിയും സ്ഥാപിക്കുന്നതിനും വേണ്ടി നബി(സ)തിരുമേനി തന്റെ മാതൃക സ്ഥാപിച്ചു. ഇതൊന്നും വെറുതെ പറയുന്നതല്ല. ചരിത്രം ഇതിന് സാക്ഷിയാണ്. ഒരു അവസരത്തിൽ നബി(സ) തിരുമേനി ക്രിസ്ത്യാനികൾക്ക് അവരുടെ ആരാധനാ സമയത്ത് മസ്ജിദ് നബ്വിയിൽ ആരാധന നടത്താൻ അനുവാദം നല്കി. ഇതാണ് ആ യഥാർഥ ഇസ്‌ലാമിക പാഠം. ഇക്കാലത്ത് നബി(സ) തിരുമേനിയുടെ സത്യസന്ധനായ ദാസനും പ്രേമിയും നമ്മളോട് നടപ്പിൽ വരുത്താൻ കല്പിച്ചിട്ടുള്ളതും ഇതാണ്. യഥാർഥ ഇസ്‌ലാമിക അധ്യാപനവും പ്രവർത്തനവും ഇതാണ്. ഇതിന്റെ ചില ഉദാഹരണങ്ങളാണ് ഞാൻ പറഞ്ഞത്. ഇത് പ്രവർത്തിക്കാനും പ്രചരിപ്പിക്കാനും നമ്മളോടു കല്പിച്ചുകൊണ്ട്, നമ്മളിൽ പ്രതീക്ഷ അർപിച്ചു കൊണ്ട് കാലത്തിന്റെ ഇമാം, മസീഹ് മൗഊദ് മഹ്ദിയെ മൗഊദ്(അ)പറഞ്ഞു: 'ഈ വിചാരത്തോടെ നിങ്ങൾ പള്ളി നിർമിക്കുന്നിടത്തെല്ലാം ഇസ്‌ലാമിനെ പരിചയപ്പെടുത്താനും പ്രബോധിക്കാനുമുള്ള പുതിയ വഴികൾ തുറന്നുകൊണ്ടു പോകുകയായിരിക്കും ചെയ്യുന്നത്. ജനങ്ങൾ ഇസ്‌ലാമിലേക്ക് ശ്രദ്ധിക്കുന്നതായിരിക്കും. ഇതിന്റെ മനോഹരമായ അധ്യാപനം അവരെ ആകർഷിച്ചെടുക്കുന്നതാണ്. അങ്ങനെ നിങ്ങളുടെ അംഗസംഖ്യയും വർധിച്ചുകൊണ്ടുപോകും. ഈ ഉദ്ദേശ്യത്തോടുകൂടിയായിരിക്കണം നാം നമ്മുടെ പള്ളികൾ നിർമിക്കേണ്ടത്. നമ്മൾ നിർമിക്കുന്നതും ഇതിനുതന്നെ.

ഇതാണ് ആ അധ്യാപനം. ഇത് ഇന്ന് മാധ്യമങ്ങളിലൂടെ കണ്ട്, ഇതിനെക്കുറിച്ച് അറിഞ്ഞ് ലോകം നമ്മളിലേക്ക് ശ്രദ്ധിക്കുന്നുണ്ട്. സാധാരണക്കാരൻ മുതൽ വലിയവലിയ ലീഡർമാരും രാഷ്ട്രീയ നേതാക്കളുംവരെ അത് കാണുമ്പോൾ, അതായത് ഒരു ഭാഗത്ത് ഭീകരവാദ സംഘമാണ്. അവർ അടിപിടിയിലും വകഭേദമില്ലാതെ കൊലയിലും കൊള്ളിവെപ്പിലും മുഴുകിയിരിക്കുകയാണ്. മറുഭാഗത്ത് ഒരു ജമാഅത്തുണ്ട്. അത് സ്നേഹത്തിനും പ്രേമവായ്പിനും മൈത്രിക്കും ശാന്തിക്കുംവേണ്ടി പരിശ്രമിക്കുന്നു. ഒരു ഭാഗത്ത് അത്തരം നാമധാരികളായ മുസ്‌ലീംകളുടെ പള്ളികളിൽ നിന്ന് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും പേരിൽ തെറികളും വൃത്തികേടുകളും നിറഞ്ഞ വികാരങ്ങൾ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. മറുഭാഗത്ത് വെറും സമാധാനത്തിന്റേയും മൈത്രിയുടേയും കാര്യങ്ങൾ പറയപ്പെടുന്നു. എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്ന മുദ്രാവചനം മുഴക്കപ്പെടുന്നു. തീർച്ചയായും ഇക്കാര്യങ്ങൾ നമ്മളിലേക്ക് ജനശ്രദ്ധ ആകർഷിക്കുന്നതാണ്. പിന്നീട് ഈ രണ്ടുതരം മുസ്‌ലീംകളിൽ എന്തുകൊണ്ട് ഇങ്ങനെ വ്യത്യാസമുണ്ടായി എന്നതിനെ സംബന്ധിച്ച് ജനങ്ങ ൾക്ക് അന്വേഷിക്കാനുള്ള ത്വരയുണ്ടാകുന്നു. അങ്ങനെ ഇക്കാല ത്തെ മാധ്യമങ്ങളായ ഇന്റർനെറ്റ് തുടങ്ങിയവ മുഖേന അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് അറിവ് സമ്പാദിക്കുന്നതിലേക്ക് ചായ്‌വുണ്ടാകുന്നു.

മിനിയാന്ന് ഡെബ്ളൻ പാർലമെന്റിൽ പോകാൻ സന്ദർഭമുണ്ടായി. കുറച്ച് പാർലമെന്റ് അംഗങ്ങളെ കാണാനും അവസരം കിട്ടി. അവരിൽ ഒരാൾ പറഞ്ഞു: 'മനുഷ്യകുലത്തിന്റെ വില സ്ഥാപിക്കുന്നതിനും സമാധാനം സ്ഥാപിക്കുന്നതിനുംവേണ്ടിയുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനം മറ്റു മുസ്‌ലീംകൾ കാണുന്നില്ല. ജമാഅത്തിനെക്കുറിച്ചുള്ള ഈ അറിവുകൾ വളരെ ആഴത്തിൽച്ചെന്ന് ഞാൻ എടുത്തതാണ്. ഈ എല്ലാ അറിവുകളും എടുത്തുകൊണ്ട് ഈ സ്നേഹവും ഉന്നതനിലയിലുള്ള സന്ദേശവും എന്റെ നഗരമായ ഡെബ്ളനിലും വ്യാപിക്കുന്നതിനുവേണ്ടി അഹ്മദിയ്യാ ജമാഅത്ത് അവിടേയും മസ്ജിദ് നിർമിക്കണമെന്നത് എന്റെ ആഗ്രഹമാണ്.'..............

ഞാൻ ആരംഭത്തിൽ ഓതിയ വചനത്തിലും അല്ലാഹു പള്ളികൾ ജനബാഹുല്യമുള്ളതാക്കിത്തീർക്കുന്നവരുടെ പ്രത്യേകതകളാണ് വിവരിച്ചിട്ടുള്ളത്. ഈ ആയത്തിന്റെ വിശാലത കഅ്ബാ ദേവാലയത്തിൽനിന്ന് പുറപ്പെട്ട് ഈ ആയത്തുകളിൽ പറയപ്പെട്ട പ്രത്യേകതകൾ വഹിക്കുന്ന വിശ്വാസികളിൽപ്പെട്ടവരും മുഅ്മിനീംകളിൽപ്പെട്ടവരുമായ ആളുകളെക്കൊണ്ട് ജനബാഹുല്യമായിത്തീർന്ന ഓരോ പള്ളികൾവരെയും വ്യാപിച്ചുകൊണ്ടേ പോകുന്നു. അവരുടെ ഈമാനിന്റെ നില അല്ലാഹു ഒരിടത്ത് ഇങ്ങനെ പറഞ്ഞിരിക്കുന്നു. പറഞ്ഞു: **അശദ്ദു ഹുബ്ബൻ ലില്ലാഹ്** അതായത് സത്യവിശ്വാസികളുടെ സ്നേഹം ഏറ്റവുമധികം അല്ലാഹുവിനോടാകുന്നു. മറ്റു ഭൗതികമായ സ്നേഹം അതിനെ കവച്ചുവെക്കുകയില്ല. അവർ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നതിനുവേണ്ടി തങ്ങളുടെ ജീവിതം കഴിച്ചുകൂട്ടാൻ പരിശ്രമിച്ചുകൊണ്ടേ പോകുന്നു. ഭൗതിക നേട്ടം കരസ്ഥമാക്കുന്നതിനുവേണ്ടി അല്ലാഹുവിന്റെ സ്നേഹത്തെ മറക്കുന്ന പ്രശ്നമേ ഉദിക്കുന്നില്ല. അല്ലാഹുവിന്റെ സ്നേഹം ആഗ്രഹിക്കുന്നത് അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാനാണ്. അല്ലാഹുവിന്റെ സ്നേഹം ആഗ്രഹിക്കുന്നത് അവനെ ആരാധിക്കാനാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് പറയുന്നു: 'അല്ലാഹുവിന്റെ ധാർമികരോഷം സത്യവിശ്വാസിയുടെ വ്യക്തിഗതമായ സ്നേഹത്തിൽ അല്ലാഹു അല്ലാത്ത ആരെയെങ്കിലും അവനോട് പങ്കാളിയാക്കാൻ ആഗ്രഹിക്കുന്നില്ലെന്ന കാര്യം അറിയേണ്ടതുണ്ട്. ഈമാൻ, അത് നമുക്ക് ഏറ്റവുമധികം പ്രിയപ്പെട്ടതാണ്. അത് സുരക്ഷിതമായിരിക്കുന്നത് സ്നേഹത്തിൽ മറ്റാരേയും അവനോട് പങ്കാളിയാക്കാതിരിക്കുമ്പോഴാണ്."

അതുകൊണ്ട് ഇത് വളരെ ചിന്താർഹമായ കാര്യമാണ്. ഈ നിലവാരത്തിന്റെ പരിശോധന ഓരോരുത്തരും നടത്തേണ്ട ആവശ്യമുണ്ട്. ആത്മപരിശോധനയ്ക്ക് മാത്രമാണ്, നമ്മുടെ അവസ്ഥയെ സംബന്ധിച്ച് നമുക്ക് പറഞ്ഞു തരാൻ കഴിയുന്നത്. വിശുദ്ധ ഖുർആൻ നിരവധി കല്പനകൾ തന്നിട്ടുണ്ട്. അതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്തെഴുതി: 'ഇത് എഴുന്നൂറു കല്പനയാണ്. അതിനെ അംഗീകരിക്കാത്തവനും അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കാത്തവനും എന്നിൽനിന്ന് അകന്നുകൊണ്ടിരിക്കുകയാണ്. ഞാനുമായിട്ടുള്ള ബന്ധം മുറിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ് അവനിലുള്ള നമ്മുടെ വിശ്വാസം പൂർണമാകുന്നത്. അല്ലാഹു പറയുന്നു, ഈമാനുണ്ടെന്ന് വെറും വാദമുള്ളവരല്ല ഇവർ. പ്രത്യുത അവർക്ക് അല്ലാഹുവിന്റെ സഹായവും തുണയും ഓരോ നിമിഷവും കാണാനും കഴിയുന്നുണ്ട്. അവരുടെ ഓരോ ചുവടും സന്മാർഗത്തിന്റെ പുതിയതിൽ പുതിയതായ വഴികളിലേക്ക് ഉയരുന്നു. എല്ലാ വഴിയും അവർക്കായി വിജ

യത്തിന്റെ വാതിലുകൾ തുറന്നുകൊണ്ടു പോകുന്നു. വിജയങ്ങളുടെ കവാടങ്ങൾ തുറന്നുകൊണ്ടേ പോകുന്നു. ഈ സന്മാർഗം അവരെ വിജയങ്ങളിലേക്ക് കൊണ്ടുപോകുന്നു. അവർക്ക് വിജയങ്ങൾ ലഭിക്കുന്നു. അല്ലാഹു ജമാഅത്തിന് ഈമാനിന്റെ വാദം മാത്രമുള്ളവരെ നല്കാതെ അവന്റെ തൃപ്തി നേടണമെന്ന ഉദ്ദേശ്യമുള്ളവരെ നല്കിയിരിക്കുന്നുവെന്നത് അഹ്മദിയ്യാ ജമാഅത്തിന്റെമേലുള്ള അവന്റെ ഔദാര്യമാണ്. ഇതാണ് രഹസ്യം. ഇക്കാരണത്താലാണ് അഹ്മദിയ്യാ ജമാഅത്ത് ഒരു ജമാഅത്തെന്ന നിലയിൽ അഭിവൃദ്ധിയുടെ നിലകളിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നത്. മസ്ജിദ് നിർമാണത്തിനുശേഷം അഹ്മദിയ്യത്തിന്റെ പ്രബോധനം അതായത് യഥാർഥ ഇസ്‌ലാമിനെ പരിചയപ്പെടുത്താനുള്ള പുതിയ പുതിയ വഴികൾ തുറക്കുന്നതാണ്. തുറന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. വിവിധ സ്ഥലങ്ങളിലുള്ള നമ്മുടെ അനുഭവമാണിത്. ഞാൻ പറഞ്ഞതുപോലെ നിങ്ങളുടെ പ്രബോധനം വിശാലമായിക്കൊണ്ടേ പോകുന്നതാണ്. ഇതിനുവേണ്ടി ഓരോ അഹ്മദിയും മതപരവും വൈജ്ഞാനികവുമായ നിലയിൽ മറുപടി പറയുന്നതിന് ജ്ഞാനപരമായും തയ്യാറെടുപ്പുകൾ നടത്തേണ്ട ആവശ്യമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മെ കാണാൻ ആഗ്രഹിക്കുന്ന നിലവാരത്തിലേക്ക് കർമപരമായ അവസ്ഥകളേയും കൊണ്ടുവരേണ്ട ആവശ്യമുണ്ട്. ആ നിലവാരമെന്താണെന്ന് ഞാൻ ആദ്യമേ പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. ആ നിലവാരം വിശുദ്ധ ഖുർആനിന്റെ എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിക്കുക എന്നതാണ്. ഇവിടെത്തുകാർ സ്വയം നിങ്ങളിലേക്ക് ആകർഷിക്കുംവിധമുള്ള മാതൃക നിങ്ങൾ സ്ഥാപിക്കുക എന്നതാണ്. ഇസ്‌ലാം ജീവനുള്ള മതമാണെന്നതിനുള്ള തെളിവ്, നബി(സ)തിരുമേനിയുടെ അനുധാവനത്തിൽ മസീഹ് മൗഊദ്(അ)വന്നിരിക്കുന്നുവെന്നും അദ്ദേഹം നമ്മെ അല്ലാഹുമായി ബന്ധിപ്പിച്ചുവെന്നും അവരോടു പറയേണ്ടി വരും. ആ ദൈവം നമ്മുടെ പ്രാർഥനകൾ കേൾക്കുകയും ചെയ്യുന്നു. സ്വീകരിക്കുകയും ചെയ്യുന്നു. തന്റെ വാഗ്ദാനമനുസരിച്ച് തന്റെ അടയാളങ്ങൾ കാണിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഇപ്പോൾ ലോകത്തിന്റെ നിലനിൽപ് ഈ വാഗ്ദത്ത മസീഹിൽ വിശ്വസിക്കുന്നതിലാണ്. അല്ലാഹുവുമായുള്ള ജീവൽ ബന്ധം ഈ വാഗ്ദത്ത മസീഹിന്റെ മടിത്തട്ടിൽ വരുന്നതുകൊണ്ടു മാത്രമേ ഉണ്ടാകുകയുള്ളു. പക്ഷേ, മറ്റുള്ളവരോട് ഇക്കാര്യം നമുക്ക് മടിയൊന്നും കൂടാതെ പറയാൻ സാധിക്കുമോ? പറയണോ വേണ്ടേ എന്ന് അല്പം നിന്ന് ആലോചിക്കേണ്ടി വരുമോ? മറ്റുള്ളവർ എന്നെ ദുആ സ്വീകാര്യതയുടെ ദൃഷ്ടാന്തത്തിനായി വെല്ലു വിളിച്ചാൽ അത് സ്വീകരിക്കാനുള്ള അവസ്ഥയിലാണോ ഞാനുള്ളത്? എനിക്ക് അല്ലാഹുവമായിട്ട് ബന്ധമുണ്ടോ? അല്ലാഹുവിനോടുള്ള ഭയവും അവനോടുള്ള സ്നേഹവും മനസ്സിൽവെച്ചുകൊണ്ട് എന്റെ ജീവിതത്തെ അവൻ പറഞ്ഞിട്ടുള്ള കല്പനകളനുസരിച്ച് വാർത്തെടുക്കാൻ ശ്രമിക്കുന്നുണ്ടോ? അങ്ങനെയല്ലെങ്കിൽ ഒരു അഹ്മദി എന്നനിലയിൽ നമ്മുടെ ഉത്തരവാദിത്വം മനസ്സിലാക്കാതെ, അത് നിറവേറ്റാതെ എങ്ങനെയാണ് ലോകത്തെ ക്ഷണിക്കാൻ കഴിയുക? അല്ലാഹുവുമായിട്ട് ബന്ധമുണ്ടെന്നുള്ള അത്യാഗ്രഹം നല്കിക്കൊണ്ട് മസീഹ് മൗഊദിനെ വിശ്വസിക്കാൻ ക്ഷണിക്കുന്ന നിങ്ങളുടെ ഉള്ളിൽ ഈ മസീഹ് എന്തുമാറ്റമാണ് ഉണ്ടാക്കിയതെന്ന് ആളുകൾ നിങ്ങളോട് ചോദിക്കുകയില്ലേ? മസീഹ് മൗഊദിനെ വിശ്വസിച്ചിട്ടുള്ള നിങ്ങളുടെ എല്ലാ കർമങ്ങളും നിങ്ങൾ പറയുന്നതനുസരിച്ച് വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ അനുസരിച്ചുള്ളതായിരിക്കേണ്ടതാണ്. അങ്ങനെ അല്ലെങ്കിൽ നിങ്ങൾ ഞങ്ങളെ ആത്മീയവും കർമപരവുമായ ഏത് വിപ്ലവത്തിലേക്കാണ് ക്ഷണിച്ചുകൊണ്ടിരിക്കുന്നത്? നിങ്ങളെപ്പോലെ തന്നെ ഞങ്ങളും! ഞങ്ങളിലും നിങ്ങളിലുമുള്ള വ്യത്യാസമെന്താണ്? അഹ്മദി, അഹ്മദി എന്ന നിലയിൽ അറിയപ്പെടുന്നിടത്ത് അവന്റെ ഉത്തരവാദിത്തങ്ങൾ വർധിക്കുന്നുവെന്ന കാര്യം എപ്പോഴും ഓർക്കേണ്ടതാണ്. അവൻ അവിടെ അഹ്മദിയായിരിക്കുകയില്ല. മറിച്ച് മസീഹ് മൗഊദിന്റെ പ്രതിനിധിയായിത്തീരുന്നു. നമ്മുടെയാളാണെന്ന് പറഞ്ഞ് നമുക്ക് ദുഷ്പേരുണ്ടാക്കരുതെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞത് അതുകൊണ്ടാണ്.

ഒരു അഹ്മദിയുടെ ഏതെങ്കിലും ദുഷ്പ്രവൃത്തിയുടെ ഫലം അവനിൽമാത്രം പരിമിതമായിരിക്കുകയില്ല. പ്രത്യുത ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ വരെ അത് ചെന്നെത്തുന്നു. ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. എല്ലാ അഹ്മദികളും ഇത് മുമ്പിൽ വെക്കേണ്ടതാണ്. ഇതെല്ലാം മുമ്പിൽ വെക്കുമ്പോൾ ഓരോ അഹ്മദിയും അഹ്മദിയ്യത്തിന്റെ അമ്പാസിഡർമാരായിത്തീരുന്നതാണ്. അയാളെക്കുറിച്ചുള്ള അറിവ് ലോക ദൃഷ്ടിയിൽ എത്രമാത്രം വർധിപ്പിക്കുമെന്നാൽ, അവർ നിങ്ങളിലേക്ക് ചാടി വരുന്നതാണ്. നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രതിനിധിയായിത്തീരുന്നതാണ്. പ്രബോധനത്തിന്റെ കടമ നിറവേറ്റുന്നവരായിത്തീരുന്നതാണ്. ലൗകികരുടെ ഇഹലോകവും പരലോകവും ഒരുക്കുന്നവരായി തീരുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്നവരായി തീരുന്നതാണ്. അതിനാൽ ഇത് കരസ്ഥമാക്കുന്നതിനുവേണ്ടി പൂർണമായും പരിശ്രമിക്കേണ്ട ആവശ്യമാണുള്ളത്. അഞ്ചുനേര നമസ്കാരങ്ങളെ ജമാഅത്തോടുകൂടിയും മനോഹരമായും നിറവേറ്റേണ്ട ആവശ്യമാണുള്ളത്. പളളിയോടുള്ള കടമ നിർവഹിക്കേണ്ട ആവശ്യമാണുള്ളത്. നിർബന്ധമായ കാര്യങ്ങളോടൊപ്പം ഐച്ഛികമായ കർമങ്ങൾ മുഖേനയും അല്ലാഹുവുമായി ബന്ധം സ്ഥാപിക്കേണ്ട ആവശ്യമാണുള്ളത്. സൃഷ്ടികളോടുള്ള കടമ നിർവഹിക്കുന്നതിൽ ഒരുപാട് ശ്രദ്ധിക്കേണ്ട ആവശ്യമാണുള്ളത്. ഓരോ അഹ്മദി പുരുഷനും സ്ത്രീയ്ക്കും തങ്ങളുടെ ഉത്തരവാദിത്വം മനസ്സിലാക്കേണ്ട ആവശ്യമാണുള്ളത്. ഈ മസ്ജിദിന് 'മസ്ജിദ് മർയം'എന്നാണ് പേരു വെച്ചിട്ടുള്ളതെന്ന് ഇവിടെത്തെ വാസികളോട് നമ്മൾ വളരെ താൽപര്യത്തോടെ പറയുന്നു. കാരണം ജനങ്ങൾ ഹദ്റത്ത് മർയമിനെ വലുതായിട്ട് ആദരിക്കുന്നു. ഹദ്റത്ത് ഈസാ(അ)ന്റെ മാതാവായതുകൊണ്ട് നിങ്ങൾക്കും മർയം വളരെ പ്രിയപ്പെട്ടവരാണെന്ന് നമ്മൾ അവരോടു പറയുന്നു. എന്നാൽ, വെറും ഹദ്റത്ത് ഈസാ (അ)ന്റെ മാതാവായതുകൊണ്ടല്ല ഞങ്ങൾക്ക് പ്രിയപ്പെട്ടിരിക്കുന്നത്. മറിച്ച് അല്ലാഹു അവരുടെ പുണ്യകർമങ്ങളുടേയും ദൈവഭയത്തിന്റേയും നിലവാരം കണ്ടിട്ട് അവരുടെമേൽ സ്നേഹദൃഷ്ടി പതിപ്പിച്ചു. എന്നിട്ട് സത്യവിശ്വാസികളോടു പറഞ്ഞു, 'നിങ്ങൾ മർയമിനെപ്പോലുള്ള പ്രത്യേകതകൾ ഉണ്ടാക്കുക' എന്ന്. മർയം തന്റെ ചാരിത്രം കാത്തു സൂക്ഷിച്ചു. അല്ലാഹുവിനോടുള്ള സ്നേഹവും ഭയവുംകൊണ്ടാണ് അത് കാത്തുസൂക്ഷിച്ചത്. അല്ലാഹുവിന് പൂർണമായും കീഴൊതുങ്ങി ജീവിക്കുന്നവരായിരുന്നു അവർ. അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവരായിരുന്നു. സന്മാർഗിയും സത്യസന്ധതയിൽ നിലകൊള്ളുന്നവരുമായിരുന്നു. അതിനാൽ യഥാർഥ മുസൽമാനായ പുരുഷനോടും സ്ത്രീയോടും ആ സത്യവിശ്വാസപരമായ ഗുണങ്ങളെ സ്വായത്തമാക്കാൻ അല്ലാഹു കല്പിച്ചു. ഞാൻ ഈ അഹ്മദി പെൺകുട്ടികളോടും സ്ത്രീകളോടും പറയുകയാണ്, ഇവിടെത്തുകാർ ഹദ്റത്ത് മർയ

മിനെ ആദരിക്കുന്നെങ്കിൽ, അത് വെറും ആദരവ് മാത്രമാണ്. അവരിലുണ്ടായിരുന്ന സവിശേഷ ഗുണങ്ങളെ സ്വായത്തമാക്കാൻ ശ്രമിക്കുന്നില്ല. ഇത് അവരുടെ ബലഹീനതയാണ്. യഥാർഥ മുസ്ലിമായ ഒരു പുരുഷനും സ്ത്രീയും ഹദ്റത്ത് മർയമിനെപ്പോലെ അല്ലാഹുവിന്റെ യഥാർഥ അനുസാരിയായിക്കൊണ്ട് അവന്റെ കല്പനകളനുസരിച്ച് നടക്കാൻ ശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് നമ്മെ ഉപദേശിച്ചുകൊണ്ട് പറയുന്നു: 'ഞാൻ സത്യമായും പറയുന്നു. ഇത് അല്ലാഹു ഭാഗ്യശാലികൾക്കുവേണ്ടി സൃഷ്ടിച്ചിട്ടുള്ള ഒരു ആഘോഷമാണ്. ഇതിനെ പ്രയോജനപ്പെടുത്തുന്നവർ അനുഗൃഹീതരാണ്. ഞാനുമായി ബന്ധം സ്ഥാപിച്ചിട്ടുള്ള നിങ്ങൾ, എന്തൊന്നാണോ പ്രാപിക്കേണ്ടത് അത് പ്രാപിച്ചിരിക്കുന്നു എന്നു കരുതി അഹങ്കരിക്കരുത്. തങ്ങളുടെ ശക്തമായ നിഷേധവും അധിക്ഷേപവുംകൊണ്ട് അല്ലാഹുവിനെ വെറുപ്പിച്ച ആ നിഷേധികളെ അപേക്ഷിച്ച് നിങ്ങൾ ഭാഗ്യത്തിന് അടുത്തെത്തിയിരിക്കുന്നു എന്നത് സത്യമാണ്. നിങ്ങൾ സൽഭാവനയോടെ പ്രവർത്തിച്ച് അല്ലാഹുവിന്റെ കോപത്തിൽനിന്ന് നിങ്ങളെ രക്ഷിക്കണമെന്ന് വിചാരിച്ചു എന്നതും സത്യമാണ്. ഇക്കാലത്ത് അല്ലാഹു അനശ്വരമായ ജീവിതത്തിനായി സൃഷ്ടിച്ചിട്ടുള്ള ആ അരുവിയുടെ അടുത്ത് നിങ്ങൾ വന്നെത്തിയിരിക്കുന്നു എന്ന കാര്യം സത്യംതന്നെ. വെള്ളം കുടിക്കേണ്ട ജോലി ഇനി ബാക്കിയുണ്ട്. അല്ലാഹു നിങ്ങളെ വയറുനിറയെ കുടിപ്പിക്കുന്നതിനുവേണ്ടി അവന്റെ അനുഗ്രഹത്തിൽനിന്നും ഉദാരതയിൽനിന്നും സൗഭാഗ്യം തേടുക. ഈ അരുവിയിൽനിന്ന് കുടിക്കുന്നവൻ നശിക്കുകയില്ലെന്ന് തീർച്ചയായും എനിക്കറിയാം. കാരണം ഈ ജലം ജീവൻ പ്രദാനം ചെയ്യുന്നതാണ്. നാശത്തിൽനിന്ന് രക്ഷിക്കുന്നതാണ്. ശയ്ത്വാന്റെ ആക്രമണത്തിൽനിന്ന് സുരക്ഷിതനാക്കുന്നതാണ്. ഈ അരുവിയിൽനിന്ന് കുടിക്കാനുള്ള മാർഗമെന്താണ്? അല്ലാഹു നിങ്ങളുടെമേൽ സ്ഥാപിച്ചിട്ടുള്ള ആ രണ്ടു കടമകൾ നടപ്പിൽ വരുത്തുക. പൂർണമായ നിലയിൽ നിറവേറ്റുക. അവയിൽ ഒന്ന് അല്ലാഹുവിനോടുള്ള കടമയാണ്. രണ്ട് സൃഷ്ടികളോടുള്ള കടമയാണ്. അല്ലാഹു ഈ കടമകൾ എപ്പോഴും നിർവഹിച്ചുകൊണ്ടുപോകാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ഈ അരുവിയിൽനിന്ന് നാം കൂടുതൽ കൂടുതൽ പാനം ചെയ്യുന്നവരായിത്തീരുമാറാകട്ടെ. ഈ അനുഗ്രഹത്തിൽനിന്ന് ലോകത്തിനും ഉപകാരം ചെയ്യുന്നവരായിത്തീരുമാറാകട്ടെ.

ഈ മസ്ജിദിനെ സംബന്ധിച്ചുള്ള കുറച്ചുകാര്യങ്ങളും ഞാൻ പറയട്ടെ. ഈ ഭാഗത്തേക്കും ലോകത്തിന് ശ്രദ്ധയുണ്ടാകാറുണ്ട്. 2010 സെപ്റ്റംബറിലാണ് ഞാൻ ഇതിന് അടിത്തറയിട്ടത്. മൊത്തം സ്ഥലം 2400 ചതുരശ്ര മീറ്ററാണ്. ഏകദേശം മുക്കാൽ ഏക്കർ. പള്ളി നില്ക്കുന്ന ഭാഗം 217 ചതുരശ്രമീറ്ററാണ്. ഈ സ്ഥലം 2009 –ൽ 5,15000 യൂറോയ്ക്കാണ് വാങ്ങിയത്. ഇതിൽ ഒരു വീടും ഉണ്ടായിരുന്നു. ഇതിന്റെ നിർമാണത്തിന് ഏകദേശം പതിനൊന്ന് ലക്ഷം യൂറോയുടെ ചെലവുകൾ വന്നിട്ടുണ്ട്. മെയ്ൻ ഹാളിലും മറ്റു സ്ഥലങ്ങളിലുമായിട്ട് ഇരുന്നൂറിന്നടുത്ത് ആളുകൾക്ക് നമസ്കരിക്കാൻ കഴിയും. ഈ മസ്ജിദിനോട് ചേർന്ന് രണ്ട് ഓഫീസുകളുമുണ്ട്. ഞാൻ പറഞ്ഞതുപോലെ മൂന്നു മുറികളുള്ള ഒരു വീടുണ്ട്. അതിൽ അടുക്കളയും മറ്റും ഉണ്ടാക്കിയിട്ടുണ്ട്. 17 വണ്ടികൾക്ക് പാർക്ക് ചെയ്യാനുള്ള സൗകര്യമുണ്ട്. ഈ സ്ഥലത്തിന്റെ ലൊക്കേഷൻ വളരെ നല്ലതാണ്. ഇതിന്നടുത്തുതന്നെ കുതിരയോട്ട മത്സരം നടക്കുന്ന റേയ്സിംഗ് ഗ്രൗണ്ടുണ്ട്. അവിടെനിന്ന് ഈ മസ്ജിദ് നല്ലവണ്ണം കാണാൻ കഴിയും. പ്രസിദ്ധമായ ഉത്സവം ഇവിടെ നടക്കാറുണ്ട്. പ്രസിദ്ധരായ വ്യക്തികളും കുതിരയോട്ട മത്സരത്തിൽ പങ്കെടുക്കാൻ വരാറുണ്ട്. അവിടെ നിന്നുള്ള മസ്ജിദിന്റെ ദൃശ്യവും വളരെ മനോഹരമാണ്. ഏകദേശം ഇവിടെത്തെ നാല്പതിനായിരമാളുകളാണ് ഇതിൽ പങ്കെടുക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിലും മസ്ജിദിന്റെ പ്രശസ്തി വർധിക്കുന്നതാണ്. കാരണം വെളിയിൽനിന്നും ആളുകൾ ഇവിടെ വരുന്നതാണ്. ഇത് നല്ല ജനവാസമുള്ള സ്ഥലമാണ്. നൂറുക്കണക്കിന്നാളുകൾ നിത്യവും ഇതുവഴി കടന്നു പോകുന്നു. വിദ്യാർഥികൾ താമസിക്കുന്ന സ്ഥലവും ഇവിടെ അടുത്തുണ്ട്. ഗാൽവേ എയർപോർട്ടും പത്ത് മിനിറ്റ് ദൂരത്തണുള്ളത്. പിന്നീട് ഇതിനോട് ചേർന്നുള്ള മറ്റു രണ്ടു വീടുകളും വാങ്ങുകയുണ്ടായി. പിന്നിൽ ഇതിന്റെ മതിലിനോടു ചേർന്നിട്ടാണ് അതുള്ളത്. അതിലും നല്ല താമസസൗകര്യമാണുള്ളത്. അല്ലാഹു ഈ കാംപ്ലക്സിനെ എല്ലാവിധത്തിലും അനുഗൃഹീതമാക്കിത്തീർക്കുമാറാകട്ടെ. ഇവിടെത്തുകാർക്ക് ഈ മസ്ജിദിനോടുള്ള കടമ നിർവഹിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Maryam Mosque,Ireland – on 26.09.14
Summarized by Majlis Ansarullah,Bharat
Malayalam Translation : Mau.Mohammad Ismaeel,Alleppey For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To